(ബി) എങ്കിൽ എതെല്ലാം പ്രവൃത്തികൾക്കാണെന്നും എന്ത് തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജലപാതകളെ യോജിപ്പിച്ചുകൊണ്ട് കൂടുതൽ ജലഗതാഗത മാർഗ്ഗങ്ങൾ രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ജലപാതാ സംയോജനത്തിൽനിന്നും ഒഴിവാക്കപ്പെട്ട ജലാശയങ്ങൾ 10 നദികളാണ്. അവയെ സംസ്ഥാന ജലപാതാ വികസനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ജലപാതകളെ യോജിപ്പിച്ചുകൊണ്ട് കൂടുതൽ ജലഗതാഗത മാർഗ്ഗങ്ങൾ രൂപപ്പെടുത്താനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ലൈൻ എക്സ്റ്റൻഷൻ നടപടി

149(849) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള ഇരിക്കൂർ അഡ്ജോയിനിംഗ് പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും പൂവം ജംഗ്ഷൻ മുതൽ കയിലൂർ വരെ ലൈൻ എക്സ്റ്റൻഷനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പൂവം ജംഗ്ഷൻ മുതൽ കയിലൂർ വരെയുള്ള ഭാഗങ്ങൾ ഉൾപ്പെട്ട പടിയൂരിലും ഇരിക്കൂറിലും മറ്റ് സമീപ വില്ലേജുകളിലും ശുദ്ധജലവിതരണം ചെയ്യുന്നതിനായി പൂവത്തിനടുത്തായി 5.5 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാല പ്രവർത്തനസജ്ജമായി ജലവിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പൂവം മുതൽ കയിലൂർ വരെയുള്ള പ്രദേശത്ത് നിലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ജലവിതരണം സാധ്യമല്ല. കണ്ണൂർ ജില്ലയിലെ മിക്ക കുടിവെള്ള പദ്ധതികളുടെയും ഉറവിടമായ പഴശ്ശി ബാരേജിനോട് ചേർന്നുകിടക്കുന്ന ഈ പ്രദേശം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ്. ഇവിടേക്ക് ശുദ്ധജലം എത്തിക്കുന്നതിനായി 6.5 കി. മീ. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഉദ്ദേശം 48 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടി കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly